# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1789 — 10.03.2020- ൽ മറുപടിയ്ക്ക്

## പരോൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| | ചോദ്യം<br>ശ്രീ. പി.കെ. ബഷീർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷവും അനുവദിക്കപ്പെട്ട പരോളുകൾ എത്രയാണ് ; കണക്ക് ലഭ്യമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ വിവിധ ജയിലുകളിൽ നിന്നായി മാനദണ്ഡ പ്രകാരം ഓരോ വർഷവും വിവിധ ഘട്ടങ്ങളിലായി അനുവദിക്കപ്പെട്ട പരോളുകളുടെ കണക്ക് ചുവടെ ചേർക്കുന്നു. |
| (ബി) | പരോൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; പരോൾ അനുവദിക്കുന്നതിനുള്ള അധികാരം ആർക്കെല്ലാമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | പരോൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, പരോൾ അനുവദിക്കുന്നതിനുള്ള അധികാരം എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. |

| വർഷം | പരോൾ നൽകിയ തടവുകാരുടെ എണ്ണം |
|---|---|
| 2016 | 639 |
| 2017 | 844 |
| 2018 | 1101 |
| 2019 | 1132 |
| 2020 | 686 |

**സാധാരണ അവധി**

2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടം 397 പ്രകാരം ഒരു വർഷവും അതിൽ കൂടുതലും ശിക്ഷിക്കപ്പെട്ടവരിൽ സൽസ്വഭാവികളായ തടവുകാർക്ക് ശിക്ഷയുടെ 1/3 ഭാഗമോ, രണ്ടു വർഷമോ ഏതാണോ കുറവ് അത്രയും അനുഭവിച്ചിട്ടുണ്ടെങ്കിൽ അനുകൂല പോലീസ് / പ്രൊബേഷൻ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ സാധാരണ അവധിക്ക് അർഹതയുണ്ടായിരിക്കും.

ആദ്യത്തെ സാധാരണ അവധി ജയിൽ വകുപ്പ് മേധാവിയും തുടർന്നുള്ള അവധികൾ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാണ് അനുവദിക്കുന്നത്.

| | | | |
|---|---|---|---|
| | | | <u>അടിയന്തിരാവധി</u><br>2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടം 400 പ്രകാരം ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട് കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവർ ഒഴികെയുള്ള തടവുകാർക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായാണ് അടിയന്തിരാവധി അനുവദിക്കുന്നത്.<br>1) പിതാവ്, മാതാവ്, മകൻ, മകൾ, ഭാര്യ, ഭർത്താവ് സഹോദരൻ,സഹോദരി, അർദ്ധ സഹോദരൻ, അർദ്ധ സഹോദരി, പൗത്രൻ, പൗത്രി, പിതാ / മാതാമഹൻ, പിതാ/മാതാമഹി, ഭാര്യാപിതാവ് / മാതാവ്, ഭർത്തൃപിതാവ് / മാതാവ്, മരുമകൻ, മരുമകൾ, മാതൃസഹോദരൻ / സഹോദരി, പിതൃസഹോദരൻ / സഹോദരി, ഭാര്യ-ഭർത്തൃ സഹോദരൻ, ഭാര്യ-ഭർത്തൃ സഹോദരി, അനന്തിരവൻ, അനന്തിരവൾ എന്നിവരുടെ മരണമോ അത്യാസന്നമായ രോഗാവസ്ഥയോ ;<br>2) മകൻ, മകൾ, സഹോദരൻ, സഹോദരി, പൗത്രൻ, പൗത്രി, ഭാര്യ-ഭർത്തൃ സഹോദരൻ, ഭാര്യ-ഭർത്തൃ സഹോദരി, നേർ അനന്തിരവൻ, നേർ അനന്തിരവൾ എന്നിവരുടെ വിവാഹം ;<br>3) താമസിക്കുന്ന വീട് ഭാഗികമായോ പൂർണ്ണമായോ തകരുക<br>സീരിയൽ നം. (1), (2) എന്നിവയ്ക്ക് അടിയന്തിര അവധി അനുവദിക്കുന്നത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻഹൗസ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും , സീരിയൽ നം. (3) ന് അടിയന്തിരാവധി അനുവദിക്കുന്നത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ ഓഫീസറുടെയും തഹസിൽദാരുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ്.<br>അടിയന്തിരാവധി ആദ്യം അനുവദിക്കാനുള്ള അധികാരം ജയിൽ സൂപ്രണ്ടിൽ നിക്ഷിപ്തമാണ്. ജയിൽ സൂപ്രണ്ടിന് ഒരു സമയം 10 ദിവസം വരെ അടിയന്തിരാവധി അനുവദിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും അതുൾപ്പെടെ 15 ദിവസം വരെയുള്ള കാലയളവിലേയ്ക്ക് വകുപ്പ് മേധാവിക്ക് അടിയന്തിരാവധി ദീർഘിപ്പിച്ച് നൽകുവാനുള്ള അധികാരമുണ്ട്. തുടർന്ന് ഒരു പ്രാവശ്യം 15 ദിവസം വരെയുള്ള കാലയളവിലേയ്ക്ക് ആഭ്യന്തര വകുപ്പ് സെക്രട്ടറിയ്ക്കും അവധി അനുവദിക്കാവുന്നതാണ്. കൂടാതെ പരമാവധി 45 ദിവസം കവിയാതെ അടിയന്തിരാവധി ദീർഘിപ്പിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.<br><br><u>ഗാർഹികാവധി</u><br>ചട്ടം 414 പ്രകാരം തുറന്ന ജയിലിൽ ഒരു വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കുന്ന സൽസ്വഭാവമുള്ള തടവുകാരന് ടിയാന്റെ കുടുംബ സാഹചര്യത്തെക്കുറിച്ചുള്ള |

| | | | |
|---|---|---|---|
| | | | പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാധാരണ അവധിക്ക് പുറമെ വർഷത്തിൽ 15 ദിവസത്തെ ഗാർഹികാവധി അനുവദിച്ചുവരുന്നു. ആദ്യത്തെ ഗാർഹികാവധി ജയിൽ വകുപ്പ് മേധാവിയും തുടർന്നുള്ള അവധി ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടും അനുവദിച്ചുവരുന്നു. |
| (സി) | പരോൾ അനുവദിക്കുന്നതിലെ മാനദണ്ഡങ്ങളിൽ ഈ സർക്കാർ ഇളവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (സി) | പരോൾ അനുവദിക്കുന്നതിലെ മാനദണ്ഡങ്ങളിൽ ഈ സർക്കാർ ഇളവ് വരുത്തിയിട്ടില്ല. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും വ്യക്തികൾക്ക് പരോൾ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് കൂടുതൽ പരോൾ അനുവദിച്ചിട്ടുണ്ടോ; ഇവർക്ക് ഉദ്യോഗസ്ഥ തലത്തിലും പിന്നീട് മുഖ്യമന്ത്രിയും പരോൾ അനുവദിച്ചിരുന്നോ ; എങ്കിൽ ഇത് സംബന്ധിച്ച പൂർണ്ണമായ വിശദാംശം ലഭ്യമാക്കുമോ ; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരോൾ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് കൂടുതൽ പരോൾ അനുവദിച്ചിട്ടില്ല. |
| (ഇ) | എങ്കിൽ ഇത്തരത്തിൽ കൂടുതൽ പരോൾ അനുവദിക്കാൻ ഇടയായ സാഹചര്യം വിശദമാക്കുമോ ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ